**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5992

19.11.2019- ൽ മറുപടിക്ക്

## സഹകരണ കെയർ ഹോം പദ്ധതി

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പ്രളയാനന്തരം ആവിഷ്കരിച്ച് നടപ്പിലാക്കിയ സഹകരണ കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (എ) | കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2152 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) ഇതിൽ സംസ്ഥാനത്ത് എത്ര വീടുകൾ പൂർത്തീകരിച്ചു; | (ബി) | 2019 ഒക്ടോബർ 16 വരെ സംസ്ഥാനത്തൊട്ടാകെ 1841 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (സി) ആലപ്പുഴ ജില്ലയിൽ പൂർത്തീകരിച്ച വീടുകൾ എത്രയാണെന്ന് അറിയിക്കാമോ; | (സി) | 2019 നവംബർ 11 വരെ ആലപ്പുഴ ജില്ലയിൽ 130 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ഡി) ചെങ്ങന്നൂർ മണ്ഡലത്തിൽ ലക്ഷ്യമിട്ടുള്ളതും പൂർത്തീകരിച്ചതുമായ വീടുകൾ എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | ചെങ്ങന്നൂർ മണ്ഡലത്തിൽ 27 വീടുകളാണ് കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിക്കാൻ അനുവദിച്ചിട്ടുള്ളത്. പ്രസ്തുത 27 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ